കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ്
# ജില്ലാ ഓഡിറ്റ് കാര്യാല
# പാലക്കാട്

**e-mail:dopkd.ksad@kerala.g**

**www.lfa.kerala.gov.in**

# മുതുതല ഗ്രാമ പഞ്ചായ
# ഓഡിറ്റ് റിപ്പോർട്ട്

**2018-19**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ. പി.കെ.ഡി 13-109/2021

കേരള സംസ

ജില്ലാ ഓഡിറ്റ് കാര്യാല

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മുതുതല ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : **മുതുതല** ഗ്രാമപഞ്ചായത്ത് - 2018 - 19 സാമ്പത്തിക വർഷ റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുതുതല ഗ്ര 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോ ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡി നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊ

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ

വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്ത് ഭര
യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെ
റിപ്പോർട്ടിന്റെയും അതിന്മേൽ ഭരണസമിതി എടുത്ത തീ
പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാ
പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവു
14, 15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ
പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ
സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റ
കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാ
ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോ
ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരി
ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണു

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന വകുപ്പ്, തിരുവനന്തപുരം(ഇമെയ്
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ. പി.കെ.ഡി 13-109/2021 തിയതി: – 27.02.2021

## <u>പാലക്കാട് ജില്ലയിലെ മുതുതല ഗ്രാമപഞ്ചായത്തിന്റെ 20</u>
## <u>വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ്</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 1994 ലെ
ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട്
ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്

പാലക്കാട് ജില്ലയിലെ മുതുതല ഗ്രാമപഞ്ചായത്തിന്റെ 20
വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ട

05-2019 മുതൽ 10-11-2020 തിയതി വരെ വിവിധ ഇനങ്ങളിലാ
പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ
പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത്
അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽ
അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മറുപ
റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്ക
തുടർനടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും
വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തി
തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ
ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥ
യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | എൻ.സതീശൻ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11.11.2020മുതൽ 19.11.2020വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. റോബർട്ട്.കെ.ജി | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ഹരിഗോബിന്ദ്.കെ.സി | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. എ. സുജാത | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.നസീറാബാനു | സീനിയർഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. ലിക്സി അലക്സ് | ഓഡിറ്റർ |

## നിർവ്വഹണാധികാരികൾ

### പ്രസിഡന്റ്

| **പേര്** | **കാലയളവ്** |
|---|---|
| ശ്രീ. സി.എം നീലകണ്ഠൻ ഭട്ടതിരിപ്പാട് | 01-04-18 മുതൽ 31-03-19വരെ |

### സെക്രട്ടറി

| **ക്രമ നം** | **പേര്** | **കാലയളവ്** |
|---|---|---|
| 1 | ശ്രീ.അബൂബക്കർ കെ.എ | 01-04-18 മുതൽ 2-04-18 വരെ |
| **2** | ശ്രീ.സി.പി.സുരേഷ്കുമാർ | 03-04-18 മുതൽ 8-08-18 വരെ |
| **3** | ശ്രീമതി. സുപ്രഭ | 09-08-18 മുതൽ 31-03-19 വരെ |

### മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| അസി.സെക്രട്ടറി | ശ്രീ.സി.പി.സുരേഷ്കുമാർ | 01-04-18മുതൽ 31-03-19 വരെ |
| അസി.എഞ്ചിനീയർ | ശ്രീ സുനിൽകുമാർ | 01-04-18മുതൽ |

| | | |
|---|---|---|
| | | 31-03-19 വരെ |
| കൃഷി ഓഫീസർ | ശ്രീമതി രശ്മി എം.ബി | 01-04-18മുതൽ 31-03-19 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.എസ്.ശങ്കരനാരായണൻ | 01-04-18മുതൽ 31-03-19 വരെ |
| വി.ഇ.ഒ | ശ്രീ ഹൃജിൽ പി.വി | 01-04-18മുതൽ 31-03-19 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി രാധ. കെ | 01-04-18മുതൽ 31-03-19 വരെ |
| മെഡിക്കൽ ഓഫീസർ-PHC | ഡോ. രഞ്ജിത്ത് | 01-04-18മുതൽ 31-03-19 വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ. പ്രീത. എം | 01-04-18മുതൽ 31-03-19 വരെ |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | ഡോ. ധന്യ | 01-04-18മുതൽ 31-03-19 വരെ |
| എച്ച്.എം, GLPS പെരുമുടിയൂർ | ശ്രീ മുഹമ്മദ് അലി | 01-04-18മുതൽ 31-03-19 വരെ |

| | | |
|---|---|---|
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി ജാസ്മിൻ | 01-04-18മുതൽ 31-03-19 വരെ |

## ഉള്ളടക്കം

### ഭാഗം 1

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകു ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (1), 1997 ലെ കേര (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ പ്രകാരമുള്ള ഓഡിറ്റ് പരാമർശങ്ങൾ.



| | | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |

| | | |
|---|---|---|
| 11 | ബഡ്ജറ്റ് നടപടിക്രമങ്ങൾ പൂർണ്ണമായി പാലിച്ചിട്ടില്ല. | 1-11 |
| 12 | ഫ്രണ്ട് ഓഫീസ് സംവിധാനം. | 1-12 |
| 13 | തൊഴിൽനികുതി രേഖകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ | 1-13 |
| 14 | പഞ്ചായത്ത് പരിധിയിലെ മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ് | 1-14 |
| 15 | ലൈസൻസ് അപേക്ഷകൾ പരിശോധിക്കുമ്പോൾ ശ്രദ്ധയിൽപ്പെട്ട അപാകതകൾ | 1-15 |
| 16 | തനത് ഫണ്ടിലെ ഇടപാടുകൾക്കായി ഒറ്റ ബാങ്ക് അക്കൗണ്ട് മാത്രം നിലനിർത്തേണ്ടതാണ്. | 1-16 |
| 17 | ദിവസ/വേതന കരാർ നിയമനം - പ്രധാന വ്യവസ്ഥകൾ പാലിച്ച് കാണുന്നില്ല. | 1-17 |
| 18 | സംയുക്ത പ്രൊജക്റ്റുകൾക്കായി ആരംഭിച്ച ബാങ്ക് അക്കൗണ്ടലെ വിനിയോഗിക്കാത്ത നീക്കിയിരുപ്പ് തിരികെ അടവാക്കേണ്ടതാണ്. | 1-18 |
| 19 | സാമൂഹ്യ സുരക്ഷാ പദ്ധതികൾ | 1-19 |
| 20 | ഓണം അഡ്വാൻസ് തിരികെ ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-20 |
| 21 | തെരുവ് വിളക്കുകളുടെ പരപാലനം. | 1-21 |

| | | |
|---|---|---|
| 22 | കുടിവെള്ള പദ്ധതികളുടെ പരിപാലനം. | 1-22 |
| 23 | കുടുംബശ്രീയുടെ ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്ന പദ്ധതി തുകകൾ തിരിച്ചടക്കണം | 1-23 |
| 24 | സൌജന്യ പി.എസ്.സി. കോച്ചിംഗ്-അപാകങ്ങൾ | 1-24 |
| 25 | ഹരിതകർമ്മസേനക്ക് ഗ്യാപ്പ് ഫണ്ട് നൽകൽ-ഖരമാലിന്യസംസ്കരണം കാര്യക്ഷമമാക്കേണ്ടതാണ് | 1-25 |
| 26 | കമ്പ്യൂട്ടർ വാങ്ങൽ- പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല | 1-26 |
| 27 | ഗവ.എൽ. പി. സ്കൂളുകൾക്ക് ഫർണീച്ചർ - വിവിധ സ്കൂളുകൾക്ക് വിതരണം ചെയ്ത രേഖകൾ ലഭ്യമല്ല | 1-27 |
| 28 | എസ്.സി.വിദ്യാർത്ഥികൾക്ക് പഠനോപകരണം - | 1-28 |
| 29 | പച്ചക്കറികൃഷിക്ക് കൂലിച്ചെലവ് നൽകൽ - രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു. | 1-29 |
| 30 | ജൈവവളവിതരണപദ്ധതികൾ-വളം വാങ്ങിയിട്ടുണ്ടെന്ന് ഉറപ്പുവരുത്താതെ തുക അനുവദിച്ചു | 1-30 |
| 31 | നെൽകൃഷിവികസന പദ്ധതി-രേഖകൾ ഹാജരാക്കിയില്ല. തുക തടസ്സപ്പെടുത്തുന്നു | 1-31 |
| 32 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി - | 1-32 |

| | | |
|---|---|---|
| | പ്രവൃത്തികൾ പൂർത്തീകരണം അവലോകനം | |
| 33 | ചെറുകിട കുടിവെള്ള പദ്ധതികളിൽ നിന്നുള്ള പൈപ്പ് ലൈൻ നീട്ടൽ യീൽഡ് ടെസ്റ്റ് നിർബ്ബന്ധമാക്കണം. | 1-33 |

## ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വക ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (1), 1997 ലെ കേര (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ വരവിനങ്ങളിലെ വ്യക്തമായ നഷ്ടം സംബന്ധിച്ച ഓഡിറ്റ് പരാമർ

ഒന്നുമില്ല.

## ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വക ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (2), 1997 ലെ കേര (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ വ്യക്തമായ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.

ഒന്നുമില്ല.

## ഭാഗം-IVഓഡിറ്റ് പ്രത്യവലോകനം

| | | |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| | | |

| | | |
|---|---|---|
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |



# ഭാഗം -1
# പൊതു അവലോകനം
# ഓഡിറ്റ് റിപ്പോർട്ട്

1-1 ബജറ്റ്

27/03/2018 തീയതിയിലെ 1-തീരുമാനപ്രകാരം അംഗീകരിച്ചു. തയ്യാറാക്കി അംഗീകാരം ലഭ്യമാക്കിയിട്ടില്ല.

1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2019 | 06/05/2019 | -- | -- |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 12275745 |
| വരവ് | 71426532 |
| ആകെ | 83702277 |
| ചെലവ് | 65366340 |
| നീക്കിയിരിപ്പ് | 18335937 |

## 1-4 ഫണ്ട് വിനിയോഗം

| **ഫണ്ടിനം** (ACR പ്രകാരം) | **ഒ.ബി** | **വരവ്** | **ആകെ** | **ചെലവ്** |
|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | - | 11822661 | 11822661 | 8977520 |
| വികസന ഫണ്ട്-എസ്.സി.പി | - | 16870914 | 16870914 | 12964909 |
| വികസന ഫണ്ട്-ടി.എസ്.പി | -- | -- | -- | -- |
| മെയിന്റനൻസ്, റോഡ് | 3850000 | 8535000 | 12385000 | 8535000 |
| മെയിന്റനൻസ്, നോൺ-റോഡ് | 689774 | 2780000 | 3469774 | 2780000 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 3637845 | 5052000 | 8689845 | 5052000 |
| കെ.എൽ.എസ്. ജി.ഡി.പി | 0 | 0 | 0 | 0 |
| ദുരിതാശ്വാസനിധി | 45524 | 2110 | 47634 | -- |
| എം.ജി.എൻ.ആർ.ഇ.ജി.എസ് — തൊഴിലാളികളുടെ കൂലി | 0 | 20564036 | 20564036 | 20564036 |

| | | | | | |
|---|---|---|---|---|---|
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 6001 | 112381 | 1118382 | 1110148 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഐ സി ഡി എസ്) | | 0 | 1197444 | 1197444 | 306644 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ടി എസ് സി) | | 0 | 2138391 | 2138391 | 150000 |
| സാക്ഷരത | | 110414 | 3916 | 114330 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (കേരളോൽസവം) | | 0 | 20000 | 20000 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ടി എസ് സി) | | 0 | 150000 | 150000 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 626360 | 626360 | 615000 |
| | ജില്ലാ പഞ്ചായത്ത് | 29670 | 4190723 | 4220393 | 2917600 |
| ബി ഫണ്ട് | | 0 | 239520 | 239520 | 239520 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 9031149 | 9031149 | 8000000 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 5699165 | 5927884 | 11627049 | 4403438 |
| | ട്രഷറി അക്കൗണ്ട് | 3608402 | 9031149 | 12639551 | 8916781 |
| മറ്റിനം | | | | | |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയത് ചേർക്കുന്നു.

| അംഗീകരിച്ചവ | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികം | നടപ്പാ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 329 | 57926360 | 218 | 50519500 | 0 | |

1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി |
|---|---|---|---|---|---|
| ഭരണചെലവുകൾ | 6001 | 1112381 | 118382 | 1110148 | 823 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 20564036 | 20564036 | 20564036 | 0 |

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേ
വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 119520 | 64 |
| കർഷകതൊഴിലാളി പെൻഷൻ | 3520100 | 275 |
| വിധവാപെൻഷൻ | 13543900 | 1106 |
| വാർദ്ധക്യകാലപെൻഷൻ | 20115600 | 1645 |
| വികലാംഗപെൻഷൻ | 2538100 | 306 |

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്ര
ബാലൻസ് പരിശോധന 11-11-2020. ന് സ്ഥാപന തലവന
ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോ
ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത
ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

1)പൗരാവകാശ രേഖ കാലികമാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

2)ആസ്തി രജിസ്റ്ററിൽ നിലവലുള്ള എല്ലാ ആസ്തികളും യഥാർത്ഥ രേഖപ്പെടുത്തി കാലികമാക്കി സൂക്ഷിക്കുന്നില്ല. പ്രസ്തുത രജി പ്രിന്റ് എടുത്ത് സൂക്ഷിക്കുവാനുള്ള നടപടികൾ സ്വീകരി നിഷ്ക്കർഷിക്കുന്ന രീതിയിൽ ഡിപ്രിയേഷൻ അനുവദിക്കുന്നു

3)സ്റ്റോക്ക് രജിസ്റ്ററുകളിൽ സാധനങ്ങളുടെ യഥാർത്ഥ മു സൂക്ഷിക്കുന്നുണ്ട്. എന്നാൽ ഭൂരിഭാഗം രജിസ്റ്ററുകളിലും ബന്ധ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തലുകൾ സൂക്ഷിക്കുന്നില്ല..സാക്ഷ്യപ്പെടുത്തുലുകൾ സഹിതം സൂക്ഷിക്കേ

4)പ്രൊജക്റ്റുകളിൽ അവശ്യം വേണ്ട സാക്ഷ്യ പത്രങ്ങൾ ഉൾ വരുന്നുണ്ട്.

5)പ്രൊജകറ്റുകൾ പ്രകാരം തെരഞ്ഞെടുത്ത ഗുണഭോക്താക്കളു കരാറുകൾ/മുദ്ര പത്രങ്ങൾ എന്നിവയിൽ പൂർണ്ണമായ രേഖപ്പെടു സൂക്ഷിക്കുന്നില്ല. അപൂർണ്ണമായ കരാറുകൾ കാരണം നിയമ രീതിയിൽ സമയബന്ധിതമായി തുടർ നടപടികൾ സ്വീകരിക്കു സാഹചര്യം സൃഷ്ടിക്കും. ഭാവിയിൽ കരാറുകൾ പൂർണ്ണമായി സൂ

6)ഭരണ സമിതിയുടെ മിനിട്ട്സ് കമ്പ്യൂട്ടറിലാണ് നിലവിൽ സൂക്ഷി പ്രിന്റ് എടുത്ത് സൂക്ഷിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ട

7)നോട്ടീസ് ബോർഡിലൂടേയും മറ്റ് മാധ്യമങ്ങളിലൂടേയും നി ഗ്രാമസഭകൾ കൂടുന്ന വിവരം ജനങ്ങളെ അറിയിക്കുന്നുണ്ട്.

8)ദൈനദിന വരുവ് ചിലവ് കണക്കുകൾ സാംഖ്യ ഓൺലൈനി വരുന്നത് ഉത്തരവാദപ്പെട്ട മേൽ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തി സൂ

9)വിവിധ മേഖലകളുടെ സുഗമമായ നടത്തിപ്പിന് ആവശ്യ നിർവ്വഹണ ഉദ്യോഗസ്ഥരിലൂടെ അവതരിപ്പിച്ചത് ബന്ധപ്പെട്ട മിനിട്ട്സിൽ രേഖപ്പെടുത്തി വരുന്നുണ്ട്.

10)S.C.P മേഖലയിൽ പദ്ധതി നിർവ്വഹണങ്ങൾക്ക് മുമ്പ് അടി ശേഖരിക്കുന്നതിനുള്ള നിരീക്ഷണ കമ്മിറ്റികൾ രൂപികരിച്ചി

നടപടികൾ സ്വീകരിക്കേണ്ടതാണ്.

ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുവാന നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കി വിവരം ഓഡിറ്റിന് സമർപ്പിക

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 7-10-20 to 8-10-20 | 9/2020 | ലഭ്യമായിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22-6-2006 to 6-5-2006 | 2005-06 | 7-6-2006 |

1-11 ബഡ്ജറ്റ് നടപടിക്രമങ്ങൾ പൂർണ്ണമായി പാലിച്ചിട്ടില്ല.

1994 കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 214 -ാം വകുപ്പ് പ്ര കാലാകാലങ്ങളിലായി പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക വിധേയമായി 175 -ാം വകുപ്പ് പ്രകാരമുള്ള വികസന പദ്ധതി ചെ സാമ്പത്തിക വർഷത്തേക്കുള്ള പ്രതീക്ഷിത വരവ്/ചെലവുകളു നിർദ്ദേശങ്ങൾ താഴെ പറയുന്ന പ്രകാരം തയ്യാറാക്കേണ്ടതാണ് :

1)പ്രസ്തുത ബഡ്ജറ്റ് ജനുവരി 15 ന് മുമ്പ് തന്നെ ബന്ധപ്പെട്ട സ്റ്റാ സെക്രട്ടറി, അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോ സമർപ്പിച്ച് അവർ നൽകുന്ന എസ്റ്റിമേറ്റും, നിർദ്ദേശങ്ങളും തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാ

2)മേൽ സൂചിത നിർദ്ദശാനുസരണം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റ മാർച്ച് മാസത്തിലെ ആദ്യ ആഴ്ച്ച കഴിയുന്നതിന് മുമ്പ് യോഗത്തിൽ സമർപ്പിക്കണം. (ഉപവകുപ്പ് 1(എ)(1)).

**<u>പഞ്ചായത്ത് തലത്തിൽ കരട് ബ്ജറ്റ് അംഗീകരിക്കു നടപടിക്രമങ്ങൾ</u>**

*ഉപവകുപ്പ് 1 ലേയും, ഉപവകുപ്പ് 1(എ)(1) ലേയും നിർദ്ദേശങ്ങൾ കരട് ബഡ്ജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും, അംഗീകരിച്ചിട്ടുള്ളത്.(17.11.2020 ലെ അന്വേഷണ നം.7) വിവ ചേർക്കുന്നു :*

1)24.03.2018ലെ തീരുമാനം നം.1 പ്രകാരമാണ് പഞ്ചായത്തിന എസ്റ്റിമേറ്റും, നിർദ്ദേശങ്ങളും ധനകാര്യ സ്റ്റാന്റിംഗ് കമ്മ ഭരണസമിതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളത്.

2)ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി സമർപ്പിച്ച പ്രസ്തുത ബഡ്ജറ്റ് 27.03.2018 ലെ 1/1 ാം നമ്പർ തീരുമാന പ്രകാരമാണ് അംഗീകരിച്ചിട്ട

പ്രതീക്ഷിത വരവ്/ചെലവ് കണക്കുകളുടെ വിശദവിവരങ്ങൾ :

| | |
|---|---|
| മുൻബാക്കി | 7,45,3,472/- |
| വരവ് | 1,62,33,7,000/- |
| ആകെ വരവ് | 1,69,79,0472/- |
| ചെലവ് | 1,68,68,2000/- |
| നീക്കി ബാക്കി | 1,10,8472/- |

3)2017-18 ലെ യഥാർത്ഥ വരവിൽ നിന്നുള്ള ഏ വ്യതിയാനങ്ങളോടൊപ്പം വിശദമായ കുറിപ്പുകൾ വേണം.(ഉപവ

നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

4)ബഡ്ജറ്റിൽ മാറ്റം വരുത്തുവാനായി സ്റ്റാന്റിംഗ് കമ്മിറ്റി റി തയ്യാറാക്കി പഞ്ചായത്തിന് മുമ്പാകെ സമർപ്പിക്കണം. (ഉപവകുപ്പ്

നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

5)നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഘടക സ്ഥാപ യോഗം വിളിച്ചു ചേർത്തിട്ടുള്ളതായോ, സെക്രട്ടറി ഉൾപ്പെടെ ഉദ്യോഗസ്ഥർ നോൺ പ്ലാൻ എസ്റ്റിറ്റുകൾ അനുവദനീയമായ സമ സമർപ്പിച്ച് നിർവഹണ ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്തതായോ ക

വിശദവിവരങ്ങൾ :

| ക്രമ നം | ഇനം | നടപടിക്രമം | ഗ്രാമ പഞ്ചായത്തിന നടപടിക്രമ |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെടൽ | 2016 ഡിസംബർ 15-ന് മുൻപ് | ബജറ്റ് പ്രപ്പോ ആവശ്യപ്പെട്ടി |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടക സ്ഥാപനങ്ങൾ സമർപ്പിക്കൽ | 2017ജനുവരി 15-ന് മുൻപ് | ഘടകസ്ഥാപന സമർപ്പിച്ചിട്ട് |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | 2017ജനുവരി 25-ന് മുൻപ് | മിനിട്ട്സിൽ രേഖപ്പെടുത്തിയ |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രെപ്പോസൽ വയ്ക്കൽ, ക്രോഡീകരണം | 2017ഫെബ്രുവരി 1-ന് മുൻപ് | മിനിട്ട്സിൽ രേഖപ്പെടുത്തിയ |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | 2017ഫെബ്രുവരി 28-ന് മുൻപ് | രേഖപ്പെടുത്തിയ |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/ അംഗീകരിക്കൽ | 2017മാർച്ച് 1-ന് മുൻപ് | രേഖപ്പെടുത്തിയ |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | 2017മാർച്ച് 7-ന് മുൻപ് | പ്രത്യേക കമ്മ ചേർന്നിട്ടി |

| | | | |
|---|---|---|---|
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | 2017മാർച്ച് 31-ന് മുൻപ് | 27.03.2018 |

അംഗീകരിച്ച വാർഷിക പദ്ധതികളും നോൺ പ്ലാൻ സംയോജിപ്പിച്ചല്ല കരട് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത് . (17.11.2020ലെ

## ഓഡിറ്റ് നിർദ്ദേശങ്ങൾ

1)ഭാവിയിൽ കരട് ബഡ്ജറ്റ് തയ്യാറാക്കുമ്പോൾ ജി.ഒ.(എം.എസ്) ( 03.04.2017,ഖണ്ഡിക 29 ലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

2)ക്രമ നമ്പർ 1 മുതൽ 5 വരെ കൊടുത്തിരിക്കുന്ന ഉപവകുപ്പുക ഉത്തരവിലേയും നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുവാൻ ധ കമ്മിറ്റിയുടേയും, ഭരണസമിതിയുടേയും ശ്രദ്ധ പ്രത്യേകം ക്ഷണ

1-12 ഫ്രണ്ട് ഓഫീസ് സംവിധാനം.

പൊതുജനങ്ങൾക്കുള്ള സേവനങ്ങൾ യഥാസമയം ലഭ്യമാക്കുവാ കാര്യക്ഷമമവും, സുതര്യവും, ഫലപ്രദമായും ( പ്രവർത്തിക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തുവാനായി സ്വീകരിച്ച അടിസ്ഥാനത്തിൽ തെളിഞ്ഞ വസ്തുതകൾ താഴെ ചേർക്കുന്നു :

## ഫ്രണ്ട് ഓഫീസ് പ്രവർത്തനം

ഫ്രണ്ട് ഓഫീസ് പ്രവർത്തനം രാവിലെ 10 മണി മുതൽ വൈ വരേയാണ്.ക്യാഷ് ഇടപാടുകൾ 10 മണി മുതൽ വൈകുന്നേരം 3 മ

കളക്ഷൻ ക്യാഷ്യറേ ഏൽപ്പിക്കുകയും , ക്യാഷ് ചെസ്റ്റിൽ സൂക്ഷ ദിവസം ബാങ്കിൽ അടവാക്കി വരുകയും ചെയ്യുന്നു.

## തപാൽ വിതരണം

ഫ്രണ്ട് ഓഫീസിലൂടെ ലഭ്യമായ അപേക്ഷകൾ/തപാലുകൾ വി ഒപ്പിട്ട് ഓരോ സെക്ഷനലിലേക്ക് കൈമാറിയതിന് ശേഷം പിറേ ജീവനക്കാരന് കൈമാറുകയും ചെയ്യുന്നുണ്ട്.ഇ-മെയിൽ, ടെലഫേ എന്നിവയ്ക്ക് പ്രത്യേകം രജിസ്റ്ററുകൾ സൂക്ഷിച്ച് വിശദവിവ സെക്ഷനലിലേക്ക് കൈമാറുന്നുമുണ്ട്.

## <u>സേവനങ്ങൾ നൽകൽ</u>

ഓരോ അപേക്ഷകനും നൽകുവാനുള്ള സേവനങ്ങളെ കുറിച്ചു ദിവസം തന്നെ ഫ്രണ്ട് ഓഫീസിലുള്ള ബന്ധപ്പെട്ട ജീവനക്ക മുറയക്ക് ഫ്രണ്ട് ഓഫീസ് ഡയറിയിൽ ഒപ്പിട്ട് വാങ്ങി പെതു സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കി വരുന്നുണ്ട്.

## <u>ഭൗതിക സാഹചര്യം</u>

2019 ൽ ഗ്രാമ പഞ്ചായത്ത് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭ്യമ ആയതിന്റെ സർവെയൻസ് ഓഡിറ്റും പൂർത്തിയാക്കിയിട്ടുണ്ട് പൊതുജനങ്ങൾക്കുള്ള അപേക്ഷകൾ നൽകുവാനുള്ള ന ഏർപ്പെടുത്തുന്നതോടൊപ്പം ഫയർ എക്സ്റ്റിംഗ്യൂഷറും ഒരുക്കിയിട്ടുണ്ട്.

## <u>പരാതിപ്പെട്ടി</u>

ഫ്രണ്ട് ഓഫീസിൽ പരാതിപ്പെട്ടിയും, ഇതിലൂടെ ലഭ്യമാവു രജിസറ്ററും സൂക്ഷിച്ച് വരുന്നുണ്ട്.ഓരോ മാസവും പർ വിഭാഗമാണ് പരാതിപ്പെട്ടി പ്രവർത്തി ദിവസത്തിൽ തുറന്ന് ബ ചേർത്തി തുടർ നടപടികൾ സ്വീകരിച്ച് വരുന്നത്. പ്രവർത്തനം ( കമ്മിറ്റി അവലോകനം ചെയ്ത് വരുന്നുമുണ്ട്.

## <u>2.07.2009 ലെ ജി.ഒ.(എം.എസ്) 123/2009/ത.സ്വ.ഭ.വ യിൽ ന താഴെ പറയുന്ന വ്യവസ്ഥകൾ നിലവിൽ ഫ്രണ്ട് ഓഫീസ് ന പാലിച്ച് കാണുന്നില്ല.</u>

1) ഫ്രണ്ട് ഓഫീസ് മുഖേന തപാലുകളുടോപ്പമോ, അല്ലാ ആധാരങ്ങൾ, ബോണ്ടുകൾ എന്നിവ സെക്യൂരിറ്റി രജിസ്റ്ററിൽ സെക്ഷനിലിൽ സൂക്ഷിക്കുന്നില്ല.

2)പരാതിപ്പെട്ടിയിലൂടെ ലഭ്യമാവുന്ന പരാതികൾ തുറക്കുന ബന്ധപ്പെട്ട രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കേണ്ടതാണെന്ന ( കാണുന്നില്ല.

3)ഫോറങ്ങൾ ഫോറം വിതരണ രജിസ്റ്ററിൽ (അനുബന്ധം -5) ഓഫീസ് വഴി വിതരണം ചെയ്ത് കാണുന്നില്ല.

ക്രമ നം.1 മുതൽ 3 വരെയുള്ള വ്യവസ്ഥകൾ പാലിക്കുവ സ്വീകരിക്കുന്നതോടൊപ്പം, ഫ്രണ്ട് ഓഫീസിന്റെ പ്രവർത്ത ശുപാർശകളും നിർദ്ദേശങ്ങളും പഞ്ചായത്തിന് സമയബന്ധിര ശ്രദ്ധിക്കേണ്ടതാണ്.

1-13 തൊഴിൽനികുതി രേഖകളുടെ പരിശോധനയിൽ ശ്രദ്ധയിത് അപാകതകൾ

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 (1) , (2) പ്രകാര പരിധിയിൽ താമസിച്ചുകൊണ്ട് ഒരു വ്യക്തി ഓരോ അർദ്ധവർഷ പലപ്പോഴായോ 60 ദിവസത്തിൽ കുറയാതെ താമസിച്ചുകെ കലയിലോ ജോലിയിലോ ഏർപ്പെടുകയോ ബിസിനസ് നടത്ത സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. അപ്രകാരം, മുത പരിധിയിലെ വിവിധ തൊഴിൽ മേഖലകളിൽ ഏർപ്പെട്ടിട്ടിരിക ഈടാക്കിയ തൊഴിൽ നികുതിയുടെ കൃത്യതയും രേഖക പരിശോധിക്കുവാൻ ഓഡിറ്റ് ലക്ഷ്യമിടുകയും ആയതനുസരി റിട്ടേണുകൾ എന്നിവ പരിശോധിക്കുകയും ചെയ്തു. കണ്ടെത്തി വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

***<u>I.) കേരള വാട്ടർ അതോറിറ്റി RWSS , മുതുതല യിലെ ജീവ അർദ്ധവർഷതൊഴിൽനികുതി ഈടാക്കിയിട്ടില്ല</u>***

പ്രൊഫഷൻ ടാക്സ് ഡിമാന്റ് രജിസ്റ്ററിലെ ക്രമനം. 36 കേരള വാട്ടർ മുതുതലയിലെ

1. നദീർഅലി. എം. കെ. , ഓപ്പറേറ്റർ
2. മുഹമ്മദ് ഹനീഫ് , ഓപ്പറേറ്റർ

എന്നിവരുടെ 1-ാം അർദ്ധവർഷതൊഴിൽനികുതി ഈടാക സൂചിപ്പിച്ചുകൊണ്ടുള്ള ഓഡിറ്റ് എന്ക്വയറി (നം.4, 17/11/2( അർദ്ധവർഷകാലയളവിൽ മുതുതലയിലെ ഓഫീ സേവനമനുഷ്ഠിച്ചിരുന്നില്ല എന്ന മറുപടിയായി നല്കിയിര് സംബന്ധിച്ച് രേഖാമൂലമുള്ള അറിയിപ്പ് നല്കാൻ പ നിർദ്ദേശിച്ചിരുന്നെങ്കിലും ടി ആളുകൾ അവ ഹാജരാക്കിര കാണിച്ചുകൊണ്ട് ഒരിക്കൽകൂടി അറിയിപ്പ് നല്കേണ്ടതും

വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**2.) സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈ**

താഴെക്കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഈടാക്കിയിട്ടില്ല.

| ക്രമനം. | സ്ഥാപനഉടമയുടെ പേര് | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരു എണ്ണം |
|---|---|---|---|
| 1 | അബൂബക്കർ .കെ.എം. | എം.എ. പാനൽസ് | 8 |
| 2 | സി.അയ്യപ്പൻ | ന്യൂ ശീതൾ പ്രോഡക്റ്റ്സ് | 5 |
| 3 | ബീന.കെ.ടി. | ഹരിശ്രീ എൻർപ്രൈസസ് | 4 |
| 4 | വേലായുധൻ | ഇന്ദിര ഹോളോബ്രിക്സ് | 3 |
| 5 | കെ.ടി.അഹമ്മദ് കബീർ | തങ്ങൾ സോമിൽ | 4 |
| 6 | പി.മമ്മു | കാരക്കുത്ത് സോമിൽ | 5 |
| 7 | ടി.വി.മമ്മു | നൗഷാദ് ബ്രിക്സ് ഇൻഡസ്ട്രീസ് | 7 |
| 8 | ടി.വി.ഫൈസൽ | ഫൈസൽ ബ്രിക്സ് | 7 |
| 9 | അബൂബക്കർ | നൈൽവേ | 5 |
| 10 | രാജേഷ്.കെ | ഹരിത ഫുഡ്സ് | 7 |
| 11 | സി.ലക്ഷ്മണൻ | ശീതൾ | 10 |
| 12 | ടി.പി.യാസർഅലി | T. P. M ഇൻഡസ്ട്രീസ് | 5 |
| 13 | അനിൽ .എൻ.കെ | പ്രവാസി എഞ്ചിനീയറിംഗ് വർക്സ് | 3 |

| | | | |
|---|---|---|---|
| 14 | മുഹമ്മദ് ഷാജി | ഡയമൻഡ് ബാഗ്സ് | 4 |
| 15 | മുഹമ്മദ് ഇർഫാൻ.എം | ഡീകോഡ് ഐ.റ്റി.സോഫ്റ്റ് | 4 |
| 16 | സത്യനാരായണൻ.സി | ശ്രീകൃഷ്ണ ടൈൽസ് | 5 |

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.4, 17/11/2020) അടവാക്കാൻ നോട്ടീസ് നല്കുന്നതാണ് എന്ന് അധികൃതര തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ

1-14 പഞ്ചായത്ത് പരിധിയിലെ മൊബൈൽ ടവറുകളുടെ വസ്തുന ഈടാക്കേണ്ടതാണ്

പഞ്ചായത്ത് പരിധിയിലെ മൊബൈൽ ടവറുകൾക്ക് താഴെ പ്രകാരം വസ്തുനികുതി കുടിശ്ശികയാണുള്ളത്.

| ക്രമനം. | വാർഡ് നം./ കെട്ടിടനം. | ടവർ | വാർഷിക വസ്തുനികുതി | കുടിശ്ശിക |
|---|---|---|---|---|
| 1 | 3/82 B | BSNL | 8726 | 2013-14 മുതൽ 2020-21 വരെ |
| 2 | 3/446A | റിലയൻസ് ഇൻഫ്രാടെൽ ലി. | 8190 | 2013-14 മുതൽ 2020-21 വരെ |
| 3 | 10/156B | BSNL | 2501 | 2013-14 മുതൽ 2020-21 വരെ |
| 4 | 12/98A | റിലയൻസ് ഇൻഫ്രാടെൽ ലി. | 10868 | 2013-14 മുതൽ 2020-21 വരെ |

**മേൽ പ്രസ്താവിച്ച ടവറുകളുടെ കുടിശ്ശിക ഈടാക്കി വി അറിയിക്കേണ്ടതാണ്.** (ഓഡിറ്റ് അന്വേഷണം -9/19-11-2020)

1-15 ലൈസൻസ് അപേക്ഷകൾ പരിശോധിക്കുമ്പോൾ ശ്രദ്ധയിൽ അപാകതകൾ

1.) **<u>പുതുക്കിയ ചട്ടപ്രകാരം ലൈസൻസ് അനുവദിക്കേണ്ടത</u>**

31.10.2017 ലെ ജി.ഒ (പി) നം 80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ.ന പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 1996ലെ കേരള (അസഹ്യവും അപകടകരവുമായ ഫാക്ടറികൾക്ക് ലൈസൻസ് ന ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. 2017 ലെ ഭേദഗതി ചട്ടങ്ങ പഞ്ചായത്ത് രാജ് (**ഫാക്ടറികൾക്കും വ്യാപാരങ്ങൾ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ്** എന്ന് പുനർ നാമകരണം ചെയ്തിട്ടുണ്ട്. ഭേദഗതിക്കു മുമ്പ്, ചട്ടം പ്രകാരം വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപന ലൈസൻസ് ഫീസ് ഈടാക്കിയിരുന്നത്. ഭേദഗതി ചട്ട സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നീ ര നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കേണ്ടതാണ്

| ക്രമ നം. | വ്യവസായ സ്ഥാപനത്തിന്റെ തരം | ചുമത്താവുന്ന പരമാവധി തുക |
|---|---|---|
| 1 | മൈക്രോ | 500/- |
| 2 | മിനി | 1000/- |
| 3 | സ്മാൾ | 5000/- |
| 4 | മീഡിയം | 10000/- |
| 5 | ലാർജ്ജ് | 15000/- |

മുതുതല ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷത്തി അപേക്ഷകൾ സ്വീകരിച്ചിരിക്കുന്നത് ഒരു ദിവസത്തെ അടിസ്ഥാനത്തിലാണ്. പുതുക്കിയ ചട്ടപ്രകാരമുള്ള ല ഈടാക്കാത്തതിൻ്റെ കാരണം വിശദമാക്കേണ്ടതാണ് അന്വേഷണത്തിന്(നം .1 ,17-11-2020) മറുപടിയായി , പഴയ ലൈസ

ഉപയോഗിച്ചിരിക്കുന്നത് എങ്കിലും ഫീസ് ഈടാക്കിയിരിക്ക
ചട്ടപ്രകാരമാണ് എന്നാണ് പഞ്ചായത്ത് മറുപടി ലഭ്യമാക്കിയിരിക

**2.) ലൈസൻസ് അനുവദിക്കുന്നതിനായുള്ള അപേക്ഷ അപൂർണ്ണമാണ്.**

മുതുതല ഗ്രാമപഞ്ചായത്തിലെ ലൈസൻസ് അപേക്ഷക അപേക്ഷയെക്കുറിച്ചുള്ള അന്വേഷണ റിപ്പോർട്ട് , സെക്രട്ട മുതലായവ പൂരിപ്പിച്ചതായി കാണുന്നില്ല. മേൽ അപാകത എന്നും, നിലവിലെ ലൈസൻസ് അപേക്ഷകളിൽ രേഖപ്പെടുത്ത പൂരിപ്പിച്ചിട്ടുണ്ടെന്നും ഓഡിറ്റ് അന്വേഷണത്തിന് മറുപടി നല്കിയ

**3.) സാനിട്ടറി സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെ അനുവദിച്ചിരിക്കുന്നു**

1996-ലെ കേരള പഞ്ചായത്ത് രാജ്(ആപൽക്കരവും വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ച പ്രകാരം ഭക്ഷ്യ ഉൽപ്പന്നങ്ങൾ നിർമ്മിക്കുകയും വിപണനം നട സ്ഥാപനങ്ങൾക്ക് ഡി & ഒ ലൈസൻസ് അനുവദിക്കുന്നതിന് നിന്നുള്ള സാനിറ്ററി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഹാജരാക്കേ താഴെപ്പറയുന്ന അപേക്ഷകളിൽ പഞ്ചായത്ത് , സാനിട്ട ലഭ്യമാക്കാതെ ലൈസൻസ് അനുവദിച്ചിരിക്കുന്നു.

| ക്രമനം. | ലൈസൻസ് അപേക്ഷകൻ | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | കെ.മൊയ്തു. | സെമിറ ബേക്കറി |
| 2 | എം.പി.അബ്ദു | ക്വാളിറ്റി സ്റ്റോർഴ്സ് |
| 3 | ചന്ദ്രബാബു.ടി | കൃഷ്ണ മെഡിക്കൽസ് |
| 4 | ശ്രീകുമാർ.കെ.പി | നാഗാർജുന ഏജൻസീസ് |
| 5 | മുഹമ്മദ് മുസ്തഫ | വിറ്റ്നസ് ബേക്കറി |

| | | |
|---|---|---|
| 6 | സേതുമാധവൻ.കെ | SAS ഏജൻസീസ് |
| 7 | അബ്ദുൾ നാസർ.സി | C.T.സ്റ്റോർ |
| 8 | സെയ്താലിക്കുട്ടി | ബർക്കത്ത് സ്റ്റോർ |
| 9 | കുഞ്ഞിമുഹമ്മദ് | പുതുമ പിക്കിൾസ് |
| 10 | സെക്രട്ടറി | വട്ടപ്പറമ്പ് ക്ഷീരോത്പാദകസഹകരണസംഘം |
| 11 | രാജേഷ്.കെ | ഹരിത ഫുഡ്സ് |
| 12 | അൻസാർ.എം | എം.എച്ച്.ആയുർവേദ |
| 13 | മുഹമ്മദ് ഹാഷിം | ന്യൂസിറ്റി സ്റ്റോർഴ്സ് |
| 14 | അസൈനാർ | ഫ്രണ്ട്സ് ബേക്കറി |
| 15 | ബാലരാജ്.ടി.പി | ദിൽരാജ് അസോസിയേറ്റ്സ് |

സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുമ്പോൾ സാനി ഹാജരാക്കുന്നത് ഉറപ്പുവരുത്തേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം

1-16 തനത് ഫണ്ടിലെ ഇടപാടുകൾക്കായി ഒറ്റ ബാങ്ക് അക്കൗണ്ട് മ നിലനിർത്തേണ്ടതാണ്.

തനത് വരുമാനം സൂക്ഷിക്കുവാൻ ഒന്നിൽ കൂടുതൽ ബാങ്ക് അ നിലനിർത്തുന്നുണ്ടെന്ന് വാർഷിക പത്രികയുടെ പരിശേ വ്യക്തമായിട്ടുണ്ട്. വാർഷിക ധനകാര്യ പത്രികയിലുൾ അക്കൗണ്ടിന്റെ വിശദവിവരങ്ങൾ :

| ക്രമ നം. | കോഡ് നം. | ബാങ്കിന്റെ വിവരങ്ങൾ | തുക |
|---|---|---|---|
| 1 | 450100101 | എസ്.ബി.ഐ – തനത് ഫണ്ട് | 3,286,484/- |

| | | | |
|---|---|---|---|
| | | (മണൽ) | |
| 2 | 450210101 | പട്ടാമ്പി സേവന സഹകരണ ബാങ്ക് | 6,527,237/- |
| 3 | 450230101 | ട്രഷറി .ടി.എസ്.ബി. A/C | 7,632,069/- |

26.05.2011 ലെ സർക്കുലർ നം. 58725/എഫ്.എം.3 2008 /തസ്വ.ഭ.വ പ്ര സൂക്ഷിക്കുന്നതിനായി ട്രഷറി അക്കൗണ്ടിന് പുറമേ ദേശാര സഹകരണ ബാങ്കിലോ ഒറ്റ അക്കൗണ്ടിൽ മാത്രം നിക്ഷേ നിഷ്ക്കർഷിക്കുന്നു.പ്രസ്തുത നിർദ്ദേശാനുസരണം ക്രമ നം. കൊടുത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളിലെ ഇടപാടു അക്കൗണ്ടിലേക്ക് ട്രാൻസഫർ ക്രെഡിററ് ചെയ്ത് നിലനിർത്തുവ സ്വീകരിക്കേണ്ടതാണ്.

തുടർ നടപടികൾ സ്വീകരിച്ച് വിശദവിവരങ്ങൾ ഓഡിറ്റിന് സമർ

1-17 ദിവസ/വേതന കരാർ നിയമനം - പ്രധാന വ്യവസ്ഥകൾ പാലി

ദിവസ/കരാർ വേതന വ്യവസ്ഥയിൽ ഗ്രാമപഞ്ചായത്തിൽ ജീവനാക്കാരെ നിയമിച്ച് തനത് ഫണ്ടിൽ നിന്നും വേ പരിശാധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ജീവനക്കാരുടെ തസ്തിക വി

1)പഞ്ചായത്ത് വാഹന ഡ്രൈവർ.

2)ക്ലർക്ക്.

3) നഴ്സിംഗ് അസിസ്റ്റന്റ്.

4)പി.ടി.എസ്.

5)ഡാറ്റാ എന്ട്രി ഓപ്പറേറ്റർ.

<u>28.04.2017 ലെ ജി.ഒ.(പി) നം.56/2017/ധന പ്രകാരമുള്ള ദിവസ/േ ബന്ധപ്പെട്ട താഴെ പറയുന്ന പ്രധാന വ്യവസ്ഥകൾ പാലിച്ചതിന്റെ ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നു.</u> (18.11.2020. അന്വേ

1)കരാർ അടിസ്ഥാനത്തിൽ നിയമിതരായ ജീവനക്കാരെ ഒരു വ
പരിമിതപ്പെടുത്താവുന്നതും, വകുപ്പ് മേധാവിക്ക് ബോദ്ധ്യപ്പെ
വർഷത്തേക്ക് കൂടി സേവനം ദീർഘിപ്പിച്ച് നൽകാവുന്നതാണെ
വർഷത്തെ കാലാവധിക്കാണ് സേവനം ദീർഘിപ്പിക്കുന്നെങ്കി
അനുമതിയോടു കൂടിയെ കരാർ പുതുക്കാവൂ എന്നും നിഷ്ക്കർഷ

2)ദിവസ/വേതന കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയ
ആവശ്യകത വകുപ്പ് മേധാവി വിലയിരുത്താറുണ്ടെങ്കി
വിശദവിവരങ്ങളും ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന

## ഓഡിറ്റ് നിർദ്ദേശങ്ങൾ

1)ക്രമ നം.1 മുതൽ ക്രമ നം.5 വരെ ഉൾപ്പെടുത്തിയ ദിവസ വേതന
തസ്തികകളിൽ ഉൾപ്പെട്ട ജീവനക്കാരുടെ സേവന കാലയളവ് ആ
നിലവിലും തുടരുന്നുണ്ടെങ്കിൽ ആയതിന്റേയും
ലഭ്യമാക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് വകുപ്പ് മേ
നടപടികളുടെ വിശദവിവരങ്ങളും ഓഡിറ്റിന് ഹജരാക്കേണ്ടതാ

2)സേവന കാലയളവ് രണ്ടു വർഷത്തേക്കാൾ അധി
അടിസ്ഥാനത്തിൽ നിയമിതരായ ജീവനക്കാർക്കുള്ള അനു
നിന്നും ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.സർക്കാർ
അനുവദനീയമായ സമയ പരിധിയിൽ കവിഞ്ഞ് സേവനം
ജീവനക്കാർക്ക് നല്കിയ വേതനത്തിനുള്ള സാധൂകരണം സ
ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.സമയബന്ധിതമായ
സ്വീകരിച്ച് വിശദവിവരങ്ങൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

3)ഭാവിയിൽ കരാർ അടിസ്ഥാനത്തിൽ ദിവസ വേതനത്തിന
നിയമിക്കുമ്പോൾ 28.04.2017 ലെ ജി.ഒ.(പി) നം.56/2017/ധന
വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

1-18 സംയുക്ത പ്രൊജക്റ്റുകൾക്കായി ആരംഭിച്ച ബാങ്ക് അക്കൗ
വിനിയോഗിക്കാത്ത നീക്കിയിരുപ്പ് തിരികെ അടവാക്കേണ്ടതാ

23.01.2017 ലെ സ.ഉ.(പി) നം.07/2017/ഫിൻ പ്രകാരം തദ്ദേശ സ്വയംഭര
സംയുക്ത പ്രാജക്റ്റുകൾക്കുള്ള (Joint Venture) തുക നി
പിൻവലിക്കുന്നതിനുമായി ട്രഷറിയിൽ ഒരു ST
ആരംഭിക്കാവുന്നതാണെന്ന് നിഷ്ക്കർഷിക്കുന്നു.ഇതിലേക്കായി

ഒറ്റ തവണയായി സെപ്റ്റംബർ 30 നകം ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യ ഫണ്ടുകളൊന്നും പ്രസ്തുത അക്കൗണ്ടിൽ നിക്ഷേപിക്കാവുന്ന ഉത്തരവ് നിഷ്ക്കർഷിക്കുന്നു. ഇതിൽ നിന്നും ചെക്ക് പിൻവലിക്കാവുന്നതാണ്.സാമ്പത്തിക വർഷത്തിനുള്ളിൽ സാധ്യതയില്ലാത്ത തുക ഫെബ്രുവരി 28 നകം അതാത് സ്ഥാപനങ്ങ നൽകേണ്ടതാണ്.മാർച്ച് 31 നകം ചെവവഴിക്കാതെ അവ സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതുമാണ്.പണമാക്കാത്ത നില നിർത്തേണ്ടതാണ്.

**ഗ്രാമപഞ്ചായത്തിലെ സംയുക്ത പ്രൊജക്റ്റുകൾക്ക അക്കൗൺണ്ടിന്റെ വിശദവിവരങ്ങൾ :**

| കോഡ് | ബാങ്കിന്റെ പേര് | നീക്കിയിരിപ്പ് |
|---|---|---|
| 450650109 | ട്രഷറി .ടി.എസ്.ബി.- ജോയിന്റ് വെൻചവർ | 5,22,919/- |

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

1) 23.01.2017 ലെ സ.ഉ.(പി) നം.07/2017/ഫിൻ പ്രകാരം ട്രഷറി .ടി. വെൻചവർ അക്കൗണ്ടിൽ പണമാക്കാത്ത ചെക്കിന്റെ തുക മ കൊണ്ട് മാർച്ച 31ന് ശേഷം വിനിയോഗിക്കാതെ നീക്കിയിര തിരികെ അടവാക്കേണ്ടതാണ്.

തുടർ നടപടികൾ സ്വീകരിച്ചതിന്റെ വിവരം ഓഡിറ്റിന് സമർപ്പ

1-19 സാമൂഹ്യ സുരക്ഷാ പദ്ധതികൾ

ഗ്രാമ പഞ്ചായത്തിൽ സാമൂഹ്യ സുരക്ഷാ പദ്ധതികൾക്കായി രജിസ്റ്ററുകളും, ഫയലുകളും പരിശോധനയ്ക്ക് വിധേയമാക്കു ലെ സ.ഉ.(എം.എസ്)നം.483/2017/ധന പ്രകാരം സാമൂഹ്യ സ മാനദ്ധണ്ഡങ്ങളുടെ സംയോജനവും, പുതിയ വ്യവസ്ഥകളുടേയു പെൻഷനുകൾ അനുവദിക്കുന്നതിനായി പഞ്ചായത്ത് ന നടപടിക്രമങ്ങളുടെ വിശദവിവരങ്ങൾ താഴേ ചേർക്കുന്നു :

1)പെൻഷനുകൾക്കായി സമർപ്പിക്കപ്പെടുന്ന അപേക്ഷകളുടെ സേവനാ സോഫറ്റ് വെയറിൽ ഡാറ്റാ എൻട്രി നടത്തി വരുന്നുണ്ട്.

2)4 ചക്ര വാഹനങ്ങൾ ഉള്ളവർക്ക് നിലവിൽ പെൻഷൻ അനുവദി

3)ഒരു ആധാർ കാർഡ് ഉള്ളവർക്ക് നിലവിൽ ഒരു പെൻഷൻ മാത്ര

3)2018-19 ൽ ലഭ്യമായ അപേക്ഷകുൾ പരിഗണിച്ചതും, നിരസ് സ്വീകരിക്കാത്ത അപേക്ഷകളുടേയും വിശദവിവരങ്ങ സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലുകളോട് കൂടിയ വാർഷിക പെൻഷൻ രജിസ്റ്ററുകളിൽ സൂക്ഷിച്ച് വരുന്നില്ല.ആയതിന്റെ 2018-19 ൽ ലഭ്യമായ അപേക്ഷകളുടെ സ്ഥിതി വി ആധികാരികതയോട് കൂടി ഓഡിറ്റിൽ പരിശോധിക്കുവാൻ സാ

4)അപേക്ഷകൾ ലഭ്യമാവുന്ന മുറയ്ക്ക് ഒരോ വർഷത്തിലും ഒ കേന്ദ്രങ്ങൾ മുഖേന മോണിറ്ററിംഗ് നടത്തി അപേക്ഷകർ മര ഉറപ്പ് വരുത്തുന്നുമുണ്ട്.

**<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>**

1)സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അനുവദിക്കുമ്പോൾ (എം.എസ്)നം.483/2017/ധന പ്രകാരമുള്ള മാനദ്ധണ്ഡങ്ങളു പാലിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2)2018-19 ൽ ലഭ്യമായ അപേക്ഷകുൾ പരിഗണിച്ചതും, നിരസ് സ്വീകരിക്കാത്ത അപേക്ഷകളുടേയും വിശദവിവരങ്ങ സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലുകളോട് കൂടിയ വാ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

തുടർ നടപടികൾ സ്വീകരിച്ച് വിശദവിവരങ്ങൾ ഓഡിറ്റിന് സമർ

1-20 ഓണം അഡ്വാൻസ് തിരികെ ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരനായ സീനിയർ ക്ലർക്ക് എം.വി ൽ കൈപ്പറ്റിയ അനുവദനീയമായ ഓണം അഡ്വാൻസായ 10,000/- അടവാക്കിയ 4,000/- രൂപയുടെ വിശദവിവരങ്ങൾ താഴെ ചേർക്കു

| വൗച്ചർ നം./ തീയതി | തുക |
|---|---|
| | |

| | |
|---|---|
| 215004350/1.10.2015 | 2,000/- |
| 21500511/3.11.2015 | 2,000/- |
| ആകെ | 4,000/- |

ഓണം അഡ്വാൻസിൽ തിരികെ അടവാക്കേണ്ട 6,000/- പഞ്ചായത്തിന്റെ ട്രഷറിയിലുള്ള ബന്ധപ്പെട്ട ശീർഷകത്തിൽ എന്നാണ് പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുള്ളത്.(19.112020 ലെ അ

## സെക്രട്ടറിയുടെ വിശദീകരണം

സീനിയർ ക്ലർക്കായ ശ്രീ.വിനോദ് കുമാർ 3.11.2015 ൽ മുതുതല ( നിന്നും വിടുതൽ ചെയ്യപ്പെട്ടിട്ടുണ്ട്.തുടർന്ന് പോലീസ് സബ് ഇൻ മാറ്റം കട്ടി ജോലിയിൽ പ്രവേശിച്ചതിന് ശേഷം, കൈപ്പറ്റിയ ഓ ബാക്കി തുക ടി-യാൻ പ്രസ്തുത സ്ഥാപനത്തിലെ ട്രഷറ അടവാക്കിയിട്ടുള്ളതെന്നാണ് സെക്രട്ടറി രേഖാമൂലം വ (അന്വേഷണ നം. 10തീയതി).ചട്ടം അനുശാസിക്കുന്ന രീതിയിര ട്രഷറിയിൽ തിരികെ അടവാക്കേണ്ട 6,000/- രൂപ അടവാക പഞ്ചായത്ത് സെക്രട്ടറി ശ്രീ.വിനോദ് കുമാറിന്റെ സ്ഥ സ്ഥാപനത്തിലേക്ക് 23.05.2016 ന് കത്ത് അയച്ചിട്ടുണ്ട്.

## ഓഡിറ്റ് നിർദ്ദേശം

ഓണം അഡ്വാൻസിൽ തിരികെ അടവാക്കേണ്ട 6000/- രൂപ ട്രഷറ ശീർഷകത്തിൽ അടവാക്കുവാനുള്ള തുടർ നടപടിക വിശദവിവരങ്ങൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

1-21 തെരുവ് വിളക്കുകളുടെ പരപാലനം.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ ക്രമ നം. 1 വിളക്കുകൾ പ്രകാശിപ്പിക്കുന്നതും ഇവയുടെ കാര്യക്ഷമത ഉ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയാ ഊർജ്ജവും എന്ന മേഖലയിലും പ്രസ്തുത ചുമതല ഉൾപ്പെട പഞ്ചായത്തിന്റെ പരിധിയിലുള്ള തെരുവ് വിളക്കുകളുടെ കാര്യക്ഷമത പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ തെളിഞ്ഞ വസ്തുതകൾ താഴെ ചേർക്കുന്നു :

## തെരുവ് വിളക്കുകൾക്കുള്ള രജിസ്റ്ററുകൾ

പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമ ഉത്തരവ് നം- ജി2-
അനുസരിച്ച് തെരുവ് വിളക്ക് പരിപാലനം സംബന്ധിച്ച് താഴെ പ
കാലികമാക്കി സൂക്ഷിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു :

1. തെരുവ് വിളക്ക് ആസ്തി രജിസ്റ്റർ (സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ).

2. പരാതി രജിസ്റ്റർ.

3. സാധന സാമഗ്രികൾക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ .

4. രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ്.

## **<u>പഞ്ചായത്ത് തലത്തിൽ സ്വീകരിച്ച് വരുന്ന നടപടിക്രമം.</u>**

*ഗ്രാമ പഞ്ചായത്തിൽ സ്ട്രീറ്റ് ലൈറ്റ് രജിസ്റ്ററും, സാധന സാമഗ്രിക*
*സ്റ്റോക്ക് രജിസ്റ്ററും സൂക്ഷിക്കുന്നുണ്ട്.ഉപയോഗ ശൂന്യമായ ഒ*
*ഇലക്ട്രിക്ക് പോസ്റ്റിൽ നിന്നും ഒഴിവാക്കി മാറ്റുന്നത് കൂടുത*
*പ്രവൃത്തികളായതിനാൽ രജിസ്റ്റർ ഓഫ് അൺസർവ്വീ*
*സൂക്ഷിക്കുന്നില്ലായെന്ന് രേഖാമൂലം സെക്രട്ടറി വ്യക്തമാക്കിയ*
*അന്വേഷണ നം.2)*

## **<u>KSEB യുമായുള്ള സംയുക്ത പരിശോധന</u>**

പഞ്ചായത്ത് അധികൃതരും, KSEB യുമായി നടത്തിയ സംയുക്ത
തീയതിയും, പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത
വിളക്കുകളുടെ തരവും, എണ്ണവും സംബന്ധിച്ച കണക്കുകള
ഓഡിറ്റ് അന്വേഷണത്തിലൂടെ ആവശ്യപ്പെട്ടിരുന്നു. മറുപടിയി
ഉള്ളടക്കം ചെയ്തിട്ടില്ല.

2018-19 സാമ്പത്തിക വർഷത്തിൽ തെരുവ് വിളക്കുകൾ
ചാർജ്ജിനത്തിൽ 6,59,826/- രൂപ K.S.E.B യിലേക്ക് അടവാക്കിയിട്ടു

## **<u>മീറ്ററിംഗ് സംവിധാനം</u>**

തെരുവ് വിളക്കുകൾക്ക് മീറ്റിംഗ് ഏർപ്പെടുത്തിയിട്ടില്ല.തെരുവ്
വൈദ്യുതി ചാർജ്ജ് അടവാക്കുന്നത് KSEB യുടെ ടാരിഫ് റേറ്റ്
റേറ്റ് കണക്കുകൾ ഓഡിറ്റ് അന്വേഷണത്തിലൂടെ ആവശ
മറുപടിയിൽ ഉള്ളടക്കം ചെയ്തിരുന്നില്ല.

## **<u>തെരുവ് വിളക്കുകൾക്കുള്ള അറ്റകുറ്റ പണികൾ.</u>**

KSEB യുമായി ചർച്ച ചെയ്താണ് അറ്റകുറ്റ പണികൾ നിർവ്വഹ സൂപ്പർവിഷൻ ചാർജ്ജ് കരാറുകാരൻ അടവാക്കിയാണ് നിർവ്വഹിക്കുന്നത്.KSEB യുടെ സാക്ഷ്യപത്രം ലഭ്യമാക്കിയതിന് പണികൾക്കുള്ള തുക പഞ്ചായത്ത് അധികൃതർ നൽകുന്നത്.സ മൂലമാണ് ആനുവൽ മെയിന്റനൻസ് കോൺട്രാക്റ്റ് മുഖേന നടത്താത്തത് എന്നും സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്.ഉ ബൾബുകൾ അഴിച്ച് മാറ്റുന്ന പ്രവൃത്തി ചെലവേറിയതിനാൽ പഞ്ചായത്ത് തലങ്ങളിൽ സ്വീകരിച്ചിട്ടില്ല.

## ഓഡിറ്റ് നിർദ്ദേശങ്ങൾ

1)തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധനാ റി ഹാജരാക്കേണ്ടതാണ്.

2)മീറ്ററിംഗ് ഏർപ്പെടുത്താത്ത തെരുവ് വിളക്കുകളുടെ എണ്ണവും, പഞ്ചായത്ത് അടവാക്കുന്ന വൈദ്യുതി ചാർജ്ജിന്റെ ടാരി ഹാജരാക്കേണ്ടതാണ്.

3)7.07.2010ലെ 43742/ഡി.സി.3.2010/ത.സ്വ.ഭ.വ പ്രകാരം ഓരോ മീറ്റ പ്രത്യേക കൺസ്യൂമർ നമ്പർ നൽകുകയും, സ്പോട്ട് ബ നടപ്പാക്കേണ്ടതുമാണ് എന്നും നിഷ്ക്കർഷിക്കുന്നു.മീറ്റർ പ്രവ ഉത്തരവാദിത്വം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ചുമതല

4)2.03.2013 ലെ സ.നം.655529/ഡി.സി.3/12 ത.സ്വ.ഭ.വ പ്രാരം ഓ വിളക്കുകൾ സ്ഥാപിക്കുകയും പ്രസ്തുത ആവശ്യത്തിനായി K സേവനം ലഭ്യമാക്കി ഇതിലേക്കായുള്ള ആവശ്യമായ തുക അടവ

5)15.09.2011 ലെ 3055/ഡ.എ.3/2011/ത.സ്വ.ഭ.വ പ്രകാരം KSEB യുടെ വാർഡ് മെമ്പറുടെ പരാതികളനുസരിച്ച് അറ്റകുറ്റ പണികൾ കാല താമസം നേരിടുകയും, പ്രവർത്തിയുടെ നിരക്ക് എന്നതിനാൽ KSEB യെ ഒഴിവാക്കി പ്രവർത്തി ടെണ്ടറിംഗ് നിർവ്വഹിക്കാവുന്നതാണെന്ന് നിർദ്ദേശിക്കുന്നു.പ്രവൃത്തിക്കായ സാമഗ്രികൾ ISO നിലവാരമുള്ളതായിരിക്കണം.

6)വൈദ്യുതി ഉപഭോഗം കൂടുതലായ ബൾബുകൾ ഒഴിവാ ഹാനികരമല്ലാത്തതും, വില്പനാനന്തര സേവനകൾ ഉറപ്പ് വരുത്തി ഈടാക്കുന്ന എൽ.ഇ.ഡി ബൾബുകൾ ഉപയോഗിക്കേണ്ടതുമാണ്.

നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കി വിശദവിവരങ്ങ
സമർപ്പിക്കേണ്ടതാണ്.

1-22 കുടിവെള്ള പദ്ധതികളുടെ പരിപാലനം.

പഞ്ചായത്തിന്റെ അധീനതയിലുള്ള കുടിവെള്ള വിതരണ ഫലപ്രദവുമായി നിർവ്വഹിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തുവ തലങ്ങളിലുള്ള നടപടിക്രമങ്ങളിൻ മേൽ ഓഡിറ്റ് സ്വീകരിച്ച അടിസ്ഥനത്തിൽ തെളിഞ്ഞ വസ്തുതകൾ താഴെ ചേർക്കുന്നു :

## കുടിവെള്ള പദ്ധതികളുടെ രജിസ്റ്റർ

a)പഞ്ചായത്തിന്റെ പ്രവൃത്തനത്തിലുൾപ്പെടുന്ന കുടിവെള്ള വിശദവിവരങ്ങൾ അടങ്ങുന്ന രജിസ്റ്റർ നിലവിൽ കാലികമാക്കി പഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന വാർഡുകളുടെ കുടിവെള്ള പദ്ധതികളുടെ പേര് വിവരങ്ങൾ ചേർത്ത് കുടിവെ കാലികമാക്കി സൂക്ഷിക്കുന്നതാണെന്ന് രേഖാമൂലം സെക്രട്ടറി വ (17.11.2020 ലെ അന്വേഷണ നം.3)

b)പദ്ധതികളിലുൾപ്പെടുന്ന ഗാർഹിക/ഗാർഹികേതര കണക്ഷ ഇവയ്ക്ക് ഈടാക്കപ്പെടുന്ന നിരക്ക് എന്നിവയുടെ കണക പഞ്ചായത്ത് തലത്തിൽ സൂക്ഷിച്ച് വരുന്നില്ല.കുടിവെള്ള ക ഡെപ്പോസിറ്റ് ഉപഭോക്താക്കളിൽ നിന്നും പഞ്ചായ വരുന്നില്ല.വെള്ളക്കരം പഞ്ചായത്ത് നേരിട്ട് പിരിക്കുന്നില്ല.

## പൊതു ടാപ്പുകളിലൂടേയുള്ള ജല വിതരണം.

കേരള ജല അതോറിറ്റി പരിപാലിക്കുന്ന പൊതുടാപ്പുകളിലൂ വിതരണത്തിന്റെ ചെലവ് പഞ്ചായത്താണ് വഹിക്കുന്നത്.2 വർഷത്തിൽ പൊതുടാപ്പുകളിലൂടേയുള്ള ജല വിതരണത്തിന പഞ്ചായത്ത് 1,483,563/- രൂപ അടവാക്കിയിട്ടുണ്ട്. ഗുണഭോക്തൃ ഗാർഹിക കണക്ഷനുകൾ നല്കി വരുന്നതായാണ് ഓഡിറ്റ് അ മറുപടിയിൽ വീശദീകരിച്ചിട്ടുള്ളത്.

## സംയുക്ത പരിശോധന.

പഞ്ചായത്ത് അധികൃതർ K.W,A.യിലെ ഉദ്യോഗസ്ഥരുടെ കൂ പരിശോധന നടത്തിയതിന്റെ അടിസ്ഥനത്തിൽ 151 പൊ

ചെയ്യുവാനായി നടപടി കൈക്കോണ്ടിട്ടുണ്ട്.പ്രസ്തുത പരിശോധ ൽ അംഗീകാരം ലഭ്യമാക്കിയ പദ്ധതിയിൽ വകയിരുത്തിയ 1,44,2 അടവാക്കിയിട്ടുമുണ്ട്.

**<u>മീറ്ററിംഗ് സംവിധാനം.</u>**

പഞ്ചായത്ത് പരിധിയിലുള്ള പ്രവർത്തനക്ഷമമായ പൊതു ഘടിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.ഭാവിയിൽ പൂർണ്ണമായി ഒഴിവാക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാ സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്.

**<u>നിയമാവലി.</u>**

